# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 586 2014 ജനുവരി 07-ാം തീയതി
മറുപടി നല്കേണ്ടത്

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
ധനകാര്യവും
നിയമവും
ഭവനനിർമ്മാണവും
വകുപ്പു മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ). വിവിധ വകുപ്പുകളിലെ കരാറുകാർക്ക് 2013 ഡിസംബർ 31-ലെ കണക്കുകൾ അനുസരിച്ച് നല്കുവാനുള്ള കുടിശ്ശിക എന്ത് തുകയാണെന്ന് വ്യക്തമാക്കുമോ; | 2013 ഡിസംബർ 31 വരെ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിന് ഭരണവകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്തു (നിരത്ത്, പാലം) വകുപ്പിൽ 01.07.2013 മുതൽ 30.09.2013 വരെ 254.94 കോടി രൂപയും പൊതുമരാമത്തു (കെട്ടിടം) വകുപ്പിൽ ഇതേ കാലയളവിൽ 121.53 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെ 61.39 കോടി രൂപയും കരാറുകാർക്ക് കുടിശ്ശികയായി നല്കുവാനുണ്ട്. |
| (ബ) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കരാറുകാരുടെ കുടിശ്ശിക എത്രയായി വർദ്ധിക്കാൻ സാദ്ധ്യതയുള്ളതായി കണക്കാക്കുന്നു; കരാറുകാർ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളിൽ എന്നുവരെയുള്ള ബില്ലുകളാണ് ഇതിനകം പാസ്സാക്കിക്കൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എന്തെങ്കിലും മാനദണ്ഡം പാലിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ? | നടപ്പു സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഉണ്ടാകാവുന്ന കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തി-യിട്ടില്ല. പൊതുമരാമത്തു വകുപ്പ് (നിരത്ത് പാലം), പൊതുമരാമത്തു (കെട്ടിടം) വകുപ്പ് എന്നിവയിൽ 30.06.2013 വരെയും ജലവിഭവ വകുപ്പിൽ 31.05.2013 വരെയുമുള്ള ബില്ലുകൾ പാസാക്കികൊടുക്കാൻ വേണ്ട ലെറ്റർ ഓഫ് ക്രെഡിറ്റ് നല്കിയിട്ടുണ്ട്.<br>ബില്ലുകൾ സംസ്ഥാനതല പൊതു സീനിയോറി-റ്റിയുടെ അടിസ്ഥാനത്തിലാണ് പാസാക്കി നല്കുന്നത്. |

സെക്ഷൻ ഓഫീസർ